# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 മാർച്ച് 11**

---

## ബാലാവകാശം; അന്താരാഷ്ട്ര പരിശീലന പരിപാടി എം.ജി. സർവകലാശാലയിൽ

*കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനുള്ള അന്താരാഷ്ട്ര പരിശീലന പരിപാടി മാർച്ച് 19 മുതൽ 28 വരെ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും. സർവകലാശാലയിലെ സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസിലെ മൗലാനാ അബുൽ കലാം ആസാദ് ചെയർ ഫോർ സ്റ്റഡീസ് ഓൺ നാഷണൽ ഇന്റഗ്രേഷൻ, ചൈൽഡ് റൈറ്റ്സ് സെന്റർ, ചെങ്ങന്നൂർ മാർ ഇവാനിയോസ് ലോ കോളജ്, സെന്റർ ഫോർ റിസർച്ച് ഇൻ ചൈൽഡ് റൈറ്റ്സ് ആന്റ് ഡവലപ്മെന്റ്, ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് എന്നിവ സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.*

*വിവിധ രാജ്യങ്ങളിൽനിന്നുള്ള വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ, ബാലാവകാശ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുക്കും. ഇന്ത്യയിലും രാജ്യാന്തര തലത്തിലും ബാലാവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങൾ, മികച്ച മാതൃകകൾ, കുട്ടികളുടെ സംരക്ഷണത്തിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യും. പ്രായോഗിക പരിശീലന പരിപാടികൾ, സംവാദങ്ങൾ, ഫീൽഡ് വിസിറ്റ് എന്നിവയും ഇതോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്.*

*തിരഞ്ഞെടുക്കപ്പെടുന്ന ഗവേഷണ പ്രബന്ധങ്ങളുടെയും പോസ്റ്ററുകളുടെയും പ്രത്യേക അവതരണവുമുണ്ടാകും. പരിപാടിയിൽ പങ്കെടുക്കുന്നതിന് മാർച്ച് 14 വരെ* https://forms.gle/41fmeGmF1KBt2SsH6 *എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. പ്രഫഷണലുകൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ, ഗവേഷകർ, വിദ്യാർഥികൾ തുടങ്ങിയവർക്കാണ് അവസരം. ഇമെയിൽ* mgucrp@gmail.com. *ഫോൺ-04481 2731042, 9013900504, 9447043489.*

*(പി.ആർ.ഒ/39/1367/2025)*

## ടെക്നിക്കൽ അസിസ്റ്റന്റ്, ലാബ് അസിസ്റ്റന്റ്

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആന്റ് ടെക്നോളജിയിൽ ടെക്നിക്കൽ അസിസ്റ്റന്റ്(പട്ടിക ജാതി വിഭാഗം), ലാബ് അസിസ്റ്റന്റ്(പൊതു വിഭാഗം) തസ്തികകളിലെ ഒന്നു വീതം ഒഴിവുകളിൽ താത്കാലിക കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.*

*ബിടെക് ഫുഡ് പ്രോസസിംഗ്, എംഎസ്സി ഫുഡ് സയൻസ് ആന്റ് ക്വാളിറ്റി കൺട്രോൾ, എംഎസ്സി ഫുഡ് ആന്റ് ന്യുട്രീഷൻ ഇവയിൽ ഏതെങ്കിലും യോഗ്യതയുള്ളവരെയാണ് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ പരിഗണിക്കുന്നത്. പ്രതിമാസ വേതനം 25000 രൂപ.*

*കെമിസ്ട്രി അല്ലെങ്കിൽ ലൈഫ് സയൻസിൽ ബിരുദമുള്ളവർക്ക് ലാബ് അസിസ്റ്റന്റ് തസ്തികയിലേക്ക് അപേക്ഷിക്കാം. പ്രതിമാസ വേതനം 15000 രൂപ. രണ്ടു തസ്തികകളിലും അപേക്ഷിക്കുന്നവർക്ക് പ്രായം 2025 ജനുവരി ഒന്നിന് 36 കവിയരുത്. സംവരണ വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കും.*

*താത്പര്യമുള്ളവർ വിജ്ഞാപനത്തിനൊപ്പമുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് യോഗ്യതാ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം* ada5@mgu.ac.in *എന്ന വിലാസത്തിൽ അയയ്ക്കണം.*

*(പി.ആർ.ഒ/39/1368/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*ഒന്നാം സെമസ്റ്റർ ബിഎൽഐബിഐഎസ്സി(2024 അഡ്മിഷൻ റഗുലർ, ഒന്നാം സെമസ്റ്റർ ബിഎൽഐബിഐഎസ്സി(2023 അഡ്മിഷൻ സപ്ലിമെന്ററി, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് മാർച്ച് 14വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടു കൂടി മാർച്ച് 15നും സൂപ്പർ ഫൈനോടു കൂടി 17വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1369/2025)*

## പ്രാക്ടിക്കൽ

*അഞ്ചാം സെമസ്റ്റർ സിബിസിഎസ് ബി.സി.എ, ബി.എസ്സി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മോഡൽ 3 ട്രിപ്പിൾ മെയിൻ(പുതിയ സ്കീം, 2022 അഡ്മിഷനിലെ തോറ്റ വി*

*ദ്യാർഥികൾക്കു മാത്രമുള്ള സ്പെഷ്യൽ റീ അപ്പിയറൻസ് ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 14ന് നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

............................

*അഞ്ചാം സെമസ്റ്റർ ബിഎസ്സി ഇൻഫർമേഷൻ ടെക്നോളജി (സിബിസിഎസ് 2022 അഡ്മിഷനിലെ തോറ്റ വിദ്യാർഥികൾക്കു മാത്രമുള്ള സ്പെഷ്യൽ റീ അപ്പിയറൻസ് ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 13ന് ഇടക്കൊച്ചി സിയന്ന കോളജ് ഓഫ് പ്രഫഷണൽ സ്റ്റഡീസിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/1370/2025)*

## ഭക്ഷ്യ സംസ്കരണത്തിലെ നൂതന ആശയങ്ങൾ; സെമിനാർ നടത്തി

*ഭക്ഷ്യ സംസ്കരണ മേഖലയിൽ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തിയുള്ള സംരംഭകത്വ വികസനത്തെക്കുറിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിൽ സെമിനാർ സംഘടിപ്പിച്ചു. സ്കൂൾ ഓഫ് ഫുഡ് സയൻസ് ആന്റ് ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ നടന്ന പരിപാടി മുൻ വൈസ് ചാൻസലറും ട്രെസ്റ്റ് റിസർച്ച് പാർക്ക് ചെയർമാനുമായ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു.*

*വകുപ്പ് ഡയറക്ടർ ഡോ. എം.എസ്. ജിഷ, ഡോ. അനുജ തോമസ്, ഡോ. ലിനു എം. സലീം എന്നിവർ സംസാരിച്ചു. ഡോ. കെ.പി. സുധീർ, ഡോ. ടി.വി രംഗനാഥൻ, ഡോ. ജ്യോതി എസ് കൃഷ്ണൻ, ഡോ.പി.കെ. ബിൻസി എന്നിവർ ക്ലാസെടുത്തു.*

*(പി.ആർ.ഒ/39/1371/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**